# പി. ഉണ്ണികൃഷ്ണൻ ടെലിവിഷൻ അവാർഡ് ഷിജുവിന്

**കോഴിക്കോട്:** കാലിക്കറ്റ് പ്രസ്സ് ക്ലബിന്റെ പി. ഉണ്ണികൃഷ്ണൻ സ്മാരക ടെലിവിഷൻ അവാർഡിന് കൈരളി കോഴിക്കോട് റിപ്പോർട്ടർ എൻ.കെ. ഷിജു അർഹനായി. കൈരളി-പീപ്പിൾ സംപ്രേഷണം ചെയ്യുന്ന പ്രതിവാര പരിപാടിയായ മലബാർ മാഗസിനിൽ നടക്കാവ് ഗേൾസ് ഹൈസ്ക്കൂളിലെ വിദ്യാർത്ഥികളെക്കുറിച്ച് വന്ന വാർത്തയാണ് ഷിജുവിനെ അവാർഡിനർഹനാക്കിയത്. 10,000 രൂപയും പ്രശസ്തി പത്രവും ഉൾക്കൊള്ളുന്നതാണ് അവാർഡ്. പ്രശസ്ത മാധ്യമപ്രവർത്തകൻ എൻ.പി. രാജേന്ദ്രൻ, പ്രമുഖ തിരക്കഥാകൃത്തും എഴുത്തുകാരിയുമായ ദീദി ദാമോധരൻ, എൻ. ഗോപാലകൃഷ്ണൻ എന്നിവരടങ്ങുന്ന ജഡ്ജിംഗ് കമ്മിറ്റിയാണ് അവാർഡ് ജേതാവിനെ നിശ്ചയിച്ചത്.

അവാർഡ് ദാനം മെയ് രണ്ടാം വാരത്തിൽ നടത്തുമെന്ന് കാലിക്കറ്റ് പ്രസ്സ് ക്ലബ് സെക്രട്ടറി കമാൽ വരദൂർ അറിയിച്ചു. കണ്ണൂർ പെരളശ്ശേരി സ്വദേശിയാണ് ഷിജു. പിതാവ് പി.പി. കുമാരൻ. മാതാവ് എൻ. ശാന്തകുമാരി.

**കമാൽ വരദൂർ**
സെക്രട്ടറി

29.04.2009